LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. സ്റ്റേഷനുകളിലെ വ്യാപാര സമുച്ചയം

235 (7798) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാന കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാൻ ഈ പദ്ധതി എത്രമാത്രം സഹായകരമാകുമെന്നാണ് കരുതുന്നത് ; വിശദമാക്കുമോ ;

(ഡി) എല്ലാ ബസ്സ് സ്റ്റേഷനുകളിലും പദ്ധതി വ്യാപിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടിക്കറ്റേതര വരുമാനം ലഭ്യമാക്കുക, യാത്രക്കാർക്ക് സുരക്ഷാ സംവിധാനവും മെച്ചപ്പെട്ട വിശ്രമ/കാത്തിരിപ്പ് സൗകര്യങ്ങളും ഉറപ്പുവരുത്തുക മുതലായ ഉദ്ദേശ്യലക്ഷ്യമാണ് ഇതിൽ ഉള്ളത്. കൂടാതെ ബസ് സമയം സൂചിപ്പിച്ചുകൊണ്ടുള്ള ഇലക്ട്രോണിക് ഡിസ്പ്ലേ സംവിധാനം പരിഗണനയിലുണ്ട്. സർവ്വോപരി വനിതാ യാത്രക്കാരുടെ സുരക്ഷയും സൗകര്യങ്ങളും ഉറപ്പു വരുത്തുന്നതുമാണ്.

(സി) ബി.ഒ.റ്റി. കോംപ്ലക്സുകളിൽ ബി.ഒ.റ്റി കാലയളവിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതുവഴി ലഭിക്കുന്ന വരുമാനത്തിൽ ചെലവ് കഴിച്ചുള്ള തുകയുടെ 50% കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നതാണ്. പലിശരഹിത നിക്ഷേപം സ്വീകരിച്ചുകൊണ്ട് കാസർഗോഡ്, കാട്ടാക്കട, കൊട്ടാരക്കര എന്നിവിടങ്ങളിൽ വാണിജ്യ സമുച്ചയം നിർമ്മിക്കുകയും അതിൽനിന്നും നിർമ്മാണ ചെലവ് കഴിഞ്ഞ് മിച്ചം തുക കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുമുണ്ട്. കൂടാതെ വാടകയിനത്തിലും മേൽപറഞ്ഞ ബസ് ടെർമിനൽ/ഷോപ്പിംഗ് കോംപ്ലക്സുകളിൽനിന്നും പ്രതിമാസ വരുമാനം ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

(ഡി) രണ്ടുഘട്ടങ്ങളിലായി 59 കേന്ദ്രങ്ങളിൽ വാണിജ്യ സമുച്ചയങ്ങളും ബസ് ടെർമിനലുകളും നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വിഭവ ലഭ്യതക്കനുസരിച്ച് മാത്രമെ ഇവ പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ.